## പതിമൂന്നാം കേരളനിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 379** **07.01.2014 ൽ മറുപടിയ്ക്ക്**

## സോളാർ വൈദ്യുതോത്പാദനം

**ചോദ്യം**

ശ്രീ. കോടിയേരി ബാലകൃഷ്ണൻ

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് സോളാർ വൈദ്യുതി ഉത്പാദനത്തിന് ഏതെങ്കിലും കൊറിയൻ കമ്പനിയെ ചുമതലപ്പെടുത്തി തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ, എത്ര മെഗാവാട്ട് വൈദ്യുതോത്പാദനത്തിനാണ് അനുമതി നൽകിയതെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത കമ്പനിക്ക് അനുമതി നൽകുന്നതിന് മന്ത്രിസഭ തീരുമാനിക്കുന്നതിനുമുമ്പ് ഈ കമ്പനിയുടെ വിശദാംശങ്ങൾ പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) സോളാർ വൈദ്യുതി ഉത്പാദിപ്പിച്ചു നൽകാമെന്നവകാശപ്പെട്ട് ഈ കമ്പനിയുടെ ഏതൊക്കെ പ്രതിനിധികളാണ് സംസ്ഥാന സർക്കാരിനെ സമീപിച്ചതെന്നു വിശദമാക്കുമോ;

(ഇ) ഈ കമ്പനിയുടെ പ്രതിനിധികളുമായി ഔദ്യോഗികമായി സർക്കാർ പ്രതിനിധികൾ ഏതൊക്കെ സ്ഥലത്തു വെച്ച് ഏതൊക്കെ തീയതികളിൽ ചർച്ച നടത്തിയിട്ടുണ്ടെന്നു വെളിപ്പെടുത്തുമോ;

**ഉത്തരം**

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പു മന്ത്രി)

(എ)യും (ബി)യും (സി)യും (ഡി)യും (ഇ)യും (എഫ്) ഉം (ജി)യും (എച്ച്) ഉം

പാലക്കാട് ജില്ലയിലെ മുതലമട പഞ്ചായത്തിൽ ചെമ്മനപതി ഗ്രാമത്തിൽ Hanjong Energy & Technology Private (Limited) എന്ന കമ്പനി 30 MWP ശേഷിയുള്ള സൗരോർജ്ജപ്ലാന്റ് സ്ഥാപിക്കുന്നുണ്ടെന്നും രണ്ടു വർഷത്തിനുള്ളിൽ കേരളത്തിന്റെ വിവിധ ഭാഗങ്ങളിലായി 300 MWP ന്റെ പ്ലാന്റുകൾ സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടെന്നും യൂണിറ്റൊന്നിന് 3 രൂപ 25 പൈസ നിരക്കോ സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ അംഗീകരിക്കുന്ന നിരക്കോ ഏതാണ് കുറവ് ആ നിരക്കിൽ വൈദ്യുതി തരാൻ തയ്യാറാണെന്നും അറിയിച്ചതനുസരിച്ച് പ്രസ്തുത കമ്പനിയുമായി ധാരണാപത്രം ഒപ്പുവെയ്ക്കാൻ 26.09.2012 ലെ മന്ത്രിസഭായോഗത്തിൽ തീരുമാനിച്ചിരുന്നു. എന്നാൽ ധാരണാപത്രം ഒപ്പിടുന്നതിനുമുമ്പായി പ്രസ്തുത പ്രൊപ്പോസൽ വിശദമായി പരിശോധിക്കുകയും 50 മെഗാവാട്ടിൽ കൂടുതൽ വൈദ്യുതി റിന്യൂവബിൾ എനർജിയിലൂടെ ഉല്പാദിപ്പിക്കുവാൻ ആഗ്രഹിക്കുന്ന കമ്പനികൾക്കായി കെ.എസ്.ഇ.ബി ഒരു താല്പര്യപത്രം ക്ഷണിക്കുന്നതിന് തീരുമാനിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ടി കമ്പനി താല്പര്യപത്രം സമർപ്പിക്കു

| | |
|---|---|
| (എഫ്) ഒരു മെഗാവാട്ട് വൈദ്യുതി നൽകുന്നതിന് എത്ര തുകയാണു നിശ്ച യിച്ചതെന്നു വെളിപ്പെടുത്തുമോ;<br>(ജി) ഈ കമ്പനി ഏതു തീയതി മുതൽ വൈദ്യുതി നൽകുമെന്നാണു തീരുമാന മുണ്ടായതെന്നു വിശദമാക്കുമോ;<br><br>(എച്ച്) ഇതിനകം സംസ്ഥാനത്തിന് എത്ര മെഗാവാട്ട് വൈദ്യുതി ഈ കമ്പനിയിൽനിന്ന് ലഭ്യമാക്കിയിട്ടുണ്ടെന്നു വിശദമാക്കുമോ? | കയും മേൽ കമ്പനിയ്ക്ക് ലെറ്റർ ഓഫ് ഇൻഡന്റ് നൽകുകയും ചെയ്തിട്ടുണ്ട്. കമ്പനിക്ക് വിശദമായ പ്രോജക്ട് പ്രപ്പോസൽ സമർപ്പിക്കുന്നതിന് 6 മാസത്തെ സമയം നല്കിയിരുന്നു. ഇതിനുള്ള സമയപരിധി 31.12.2013 ൽ അവസാനിച്ചു. ടി കമ്പനി മൂന്ന് മാസത്തേക്കു കൂടി സമയപരിധി ദീർഘിപ്പിച്ചു നല്കണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്. ഈ ആവശ്യം ബോർഡ് പരിഗണിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ